# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4251 — 12/11/2019-ൽ മറുപടിക്ക്

**കിഫ്ബി വഴി ഊർജ്ജ വകുപ്പ് നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.പി.ടി. തോമസ്**<br>**,, ടി.ജെ. വിനോദ്**<br>**,, ഷാഫി പറമ്പിൽ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായി ഊർജ്ജ വകുപ്പ് കെ.എസ്.ഇ.ബി, കിഫ്ബി എന്നിവരുമായി ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. 17.07.2017 ൽ ഒപ്പുവച്ചിട്ടുള്ള പ്രസ്തുത കരാറിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, കേരള ഗവൺമെന്റ്, കിഫ്ബി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും കക്ഷികളാണ്. ട്രാൻസ് ഗ്രിഡ് പദ്ധതിയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിനായാണ് പ്രസ്തുത കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. |
| (ബി) | നിയമപരമായി ഉണ്ടാക്കിയിട്ടുള്ള ഈ ത്രികക്ഷി കരാർ പാലിക്കാനുള്ള കടമ വൈദ്യുതി ബോർഡിനില്ലേയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ ലംഘനമുണ്ടായാൽ ഊർജ്ജ വകുപ്പിനാണോ അത് ചൂണ്ടികാണിക്കാനുള്ള നിയമപരമായ ഉത്തരവാദിത്വമെന്ന് വിശദമാക്കുമോ; | (ബി) | കരാർ പാലിക്കുന്നതിനുള്ള കടമ കരാറിലുൾപ്പെട്ടിട്ടുള്ള എല്ലാ കക്ഷികൾക്കുമുണ്ട്. അതുപോലെ തന്നെ കരാർ ലംഘനമുണ്ടായാൽ ചൂണ്ടിക്കാണിക്കുന്നതിനുള്ള ഉത്തരവാദിത്വവും എല്ലാ കക്ഷികൾക്കുമുണ്ട്. |
| (സി) | ഊർജ്ജ വകുപ്പ് ഒപ്പുവച്ചിരിക്കുന്ന പ്രസ്തുത കരാറിലെ ടെൻഡർ നടപടികളിൽ സർക്കാരിന്റെ ഉത്തരവുകൾ പാലിക്കണമെന്ന വ്യവസ്ഥയുണ്ടായിട്ടും അത് പാലിക്കാത്തത് കരാറിന്റെ ലംഘനമാണോയെന്ന് പരിശോധിക്കുമോ? | (സി) | സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമായ ഉത്തരവുകൾക്കനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരം കെ.എസ്.ഇ.ബി.എൽ നു ബാധകമായ എല്ലാ സർക്കാർ വ്യവസ്ഥകളും പാലിച്ചുതന്നെയാണ് കെ.എസ്.ഇ.ബി. എൽ കരാറുകൾ നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ